**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **21-01-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .സി .കെ .ശശീന്ദ്രൻ,<br>ശ്രീ. സജി ചെറിയാൻ,<br>ശ്രീ . എം . മുകേഷ് ,<br>ശ്രീ. കെ. ജെ. മാക്സി** | | **Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡിന്റെ പ്രത്യാഘാതത്തിൽ നിന്ന് വിനോദസഞ്ചാര വ്യവസായത്തെ സത്വരമായി പൂർവ്വസ്ഥിതിയിലെത്തിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; നൂറുദിന പരിപാടിയുടെ ഭാഗമായി പൂർത്തീകരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ലോകമാകമാനം ഗ്രസിച്ചിരിക്കുന്ന കോവിഡ് 19 മഹാമാരി കേരളത്തിലെ ടൂറിസം മേഖലയെ ആകെ ബാധിച്ചിട്ടുണ്ട്. ഈ സ്തംഭനാവസ്ഥയിൽ നിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുകളിൽ റേഡിയോ, പ്രിന്റ്, ടിവി, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉൾപ്പെടുന്നു. "ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയാണ് ക്യാമ്പയിനുകൾ തയ്യാറാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരിക്ക് ശേഷമുള്ള ടൂറിസം മേഖലയുടെ ഉണർവിന് ഈ ക്യാമ്പയിനുകൾ സഹായകരമായി മാറും. നൂറുദിന പരിപാടിയുടെ ഭാഗമായി പൂർത്തീകരിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | ഗ്രാമീണ ടൂറിസം പുനരുജ്ജീവിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള അഞ്ചിന പരിപാടിയുടെ വിശദാംശം നൽകുമോ; ഉത്തരവാദിത്ത ടൂറിസം വിപുലീകരണത്തിനായുള്ള പദ്ധതികൾ അറിയിക്കാമോ; | (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ നിശ്ചലാവസ്ഥയിലായ വിനോദ സഞ്ചാര മേഖലയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആഭ്യന്തര വിനോദസഞ്ചാരികളെ, പ്രത്യേകിച്ച് മലയാളികളെ യാത്ര ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോംസ്റ്റേകൾ ഉൾപ്പെടെയുള്ള വിവിധ ആർ.ടി. മിഷൻ യൂണിറ്റുകളുമായി ചേർന്ന് പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചു നടത്തി വരുന്നു. അതോടൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തിലെത്തുന്ന ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ താമസ ദൈർഘ്യം പരമാവധി വർദ്ധിപ്പിക്കുന്നതിനുമായി വിവിധങ്ങളായ നാല് വിഷയങ്ങളിൽ (ആർട്ട് ആൻഡ് കൾച്ചർ, കൂസീൻ, മാർഷ്യൽ ആർട്സ്, ക്രാഫ്റ്റ്) ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജുകൾ, |

| | | | |
|---|---|---|---|
| | | | എക്സ്പീരിയൻഷ്യൽ സ്റ്റേ എന്നീ അഞ്ചിന പരിപാടികൾ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രാമീണ ടൂറിസം മേഖലക്ക് പ്രാധാന്യം നൽകികൊണ്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഫാം വിസിറ്റ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിങ്ങനെ വിവിധങ്ങളായ പാക്കേജുകളും ഗ്രാമീണ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. |
| (സി) | വരുമാനരഹിതരായ ടൂറിസ്റ്റ് ഗൈഡുകൾക്കും ഹൗസ് ബോട്ടുടമകൾക്കും സഹായം നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാന രഹിതരായ ടൂറിസ്റ്റ് ഗൈഡുമാർക്കും ഹൗസ് ബോട്ടുടമകൾക്കും സഹായം നല്കാൻ വേണ്ടി ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. |
| (ഡി) | ഹോംസ്റ്റേകളെ വാണിജ്യവിഭാഗത്തിൽ നിന്നൊഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | ഹോംസ്റ്റേകളെ നിലവിൽ വാണിജ്യ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| | ടൂറിസം വകുപ്പ് |
| | നൂറുദിന കർമ്മപരിപാടിയിൽ പൂർത്തീകരിച്ച പദ്ധതികൾ |
| | |
| Sl No | |
| 1. | വേളീ സിമ്മിംഗ് പൂൾ & പാർക്ക് ഡെവലപ്മെന്റ് |
| 2. | പൊൻമുടി ലോവൽ സാനിറ്റോറിയം |
| 3. | ശംഖുമുഖം ബീച്ച് പാർക്കിംഗ്, റിക്രിയേഷൻ സെന്റർ |
| 4. | വേളി മിനിയേച്ചർ റയിൽവേ |
| 5. | ആക്കുളം വികസനം – രണ്ടാം ഘട്ടം |
| 6. | ശാസ്താംപാറ ടൂറിസം വികസനം |
| 7. | വെള്ളാർ ക്രാഫ്റ്റ് വില്ലേജ് |
| 8. | നെയ്യാർ ഡാം ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് |
| 9. | വേളീ അർബൺ പാർക്ക് |
| | കൊല്ലം |
| 10. | കൊല്ലം ബീച്ച ടൂറിസം ഡെവലപ്മെന്റ് |
| 11. | മയ്യനാട് -താന്നി ബീച്ച് ഡെവലപ്മെന്റ് |
| 12. | കല്ലട – കാടാപ്പുഴ വില്ലേജ് ടൂറിസം പദ്ധതി |
| 13. | ആശ്രമം വാക് വേയുടെ സൗന്ദര്യവത്കരണം |
| 14. | മലമേലപ്പാറ ടൂറിസം പദ്ധതി |
| 15. | പുലമൻതോട് സൗന്ദര്യവത്കരണം |
| 16. | വില്ലേജ് ക്രാഫ്റ്റ് മ്യൂസിയം & സെയിൽ എംപോറിയം |
| | പത്തനംതിട്ട |
| 17. | മുലൂർ സ്മാരകം – പത്തനംതിട്ട |
| 18. | ആറന്മുള ടൂറിസം പദ്ധതി |
| 19. | കോന്നി എലിഫന്റ് മ്യൂസിയം |
| 20. | അടവി ടൂറിസം പദ്ധതി |
| 21. | പെരുന്തേനരുവി ടൂറിസം പദ്ധതി |
| 22. | ലേബർ മൂവ്മെന്റ് മ്യൂസിയം/ ലിവിംഗ് കയർ മ്യൂസിയം |
| | ആലപ്പുഴ |
| 23. | ചുങ്കം – തിരുമൽ റോഡ് വികസനം |
| 24. | പുന്നമട ഫിനിഷിംഗ് പോയിന്റ് സൗന്ദര്യവത്കരണം |
| 25. | മെഗാ ടൂറിസം പ്രോജക്റ്റ്, തഴപ്പ് |
| 26. | മെഗാ ടൂറിസം ബോട്ട് ഹൗസ് ടെർമിനൽ, അരുകുറ്റി |
| | എറണാകുളം |

| | |
|---|---|
| 27. | കുമ്പളം വാക് വേ |
| 28. | ഭൂതത്താൻകെട്ട് ടൂറിസം സെന്റർ |
| | **ഇടുക്കി** |
| 29. | ചെമ്പൽ കൊലുമ്പൻ സമാധി മണ്ഡപം |
| 30. | അരുവിക്കുഴി ടൂറിസം പദ്ധതി |
| 31. | ഏലപ്പാറ വേ സൈഡ് അമിനിറ്റീസ് |
| 32. | കഫ്റ്റീരിയ കം എന്റർടെയിൻമെന്റ് സെന്റർ, തേക്കടി |
| 33. | രാമക്കൽമേട് ടൂറിസം പദ്ധതി |
| | **കോട്ടയം** |
| 34. | ഗ്രീൻ ടൂറിസം സർക്യൂട്ട്, പാല |
| 35. | നാലുപങ്ക് ബോട്ട് ടെർമിനൽ |
| 36. | എരുമേലി പിൽഗ്രീം ഹബ്ബ് |
| | **തൃശ്ശൂർ** |
| 37. | ചേപ്പാറ റോക്ക് ഗാർഡൻ |
| 38. | ഗുരുവായൂർ പ്രസാദം പദ്ധതി |
| 39. | രാമനിലയം ഹെറിറ്റേജ് ബ്ലോക്ക് |
| 40. | തുമ്പൂർമുഴി ടൂറിസം പദ്ധതി |
| 41. | പീച്ചി ഡാം സൗന്ദര്യവത്കരണം |
| 42. | മുസിരിസ്സ്-ബംഗ്ലാക്കടവ്, മതിലകം-കൊടുങ്ങല്ലൂർ |
| | **പാലക്കാട്** |
| 43. | മംഗലം ഡാം പുനരുദ്ധാരണം |
| 44. | പൊൻമുടി ഡാം സൗന്ദര്യവത്കരണം |
| | **മലപ്പുറം** |
| 45. | പുഴയോര സ്നേഹപാത – ചമ്രവട്ടം |
| 46. | പുഴയോര സ്നേഹപാത – ചമ്രവട്ടം – ഒന്നാം ഘട്ടം |
| 47. | തുഞ്ചൻ സ്മാരകം |
| 48. | കോട്ടക്കുന്ന് സൗന്ദര്യവത്കരണം |
| | **കോഴിക്കോട്** |
| 49. | മാനാഞ്ചിറ സ്ക്വയർ സൗന്ദര്യവത്കരണം |
| 50. | അരിപ്പാറ വെള്ളച്ചാട്ടം |
| 51. | ബീച്ച കൾച്ചറൽ ഹബ്, കോഴിക്കോട് |
| 52. | സാന്റ് ബീച്ച്, വടകര |
| 53. | വാഗ്ഭടാന്ദ പാർക്ക്, വടകര |
| 54. | വാട്ടർ വെൻഡിംഗ് കിയോസ്ക്, സരോവരം |
| 55. | ഗ്രീൻ കാർപ്പറ്റ് വർക്ക്, കാപ്പാട് |
| | **വയനാട്** |
| 56. | റോക്ക് അഡ്വഞ്ചർ പാർക്ക്, വയനാട് |

| | |
|---|---|
| 57. | കാരാപ്പുഴ ഡാമിന്റെ വികസനം |
| 58. | കാന്തൻപാറ വെള്ളച്ചാട്ടം റിനോവേഷൻ വർക്ക് |
| | **കണ്ണൂർ** |
| 59. | പഴയങ്ങാടി ബോട്ട് ടെർമിനൽ |
| 60. | പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ |
| 61. | തലശ്ശേരി ടൂറിസം പദ്ധതി – ഒന്നാം ഘട്ടം |
| 62. | സ്വാമി മഠം പാർക്ക് ടൂറിസം പദ്ധതി |
| 63. | ബണ്ട് റോഡ് സൗന്ദര്യവത്കരണം |
| 64. | ന്യൂ മാഹി ബോട്ട് ടെർമിനൽ |
| | **കാസർഗോഡ്** |
| 65. | ലൈറ്റ് & സൗണ്ട് ഷോ, ബേക്കൽ |
| 66. | ബേക്കൽ ഫോർട്ട് സൗന്ദര്യവത്കരണം |
| 67. | മാവിലകടപ്പുറം ബോട്ട് ജെട്ടി |